എം.പി (3)9186/2021

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,ഡി.പി.ഐ
ജംഗ്ഷൻ,തിരുവനന്തപുരം-14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി-07/04/2022

# സർക്കുലർ നമ്പർ. 20/2022

## സഹകരണ എക്സ്പോ - 2022

വിഷയം:- സഹകരണ വകുപ്പ് - സർക്കാരിന്റെ രണ്ടാം നൂറു ദിന പരിപാടി - സഹകരണ എക്സ്പോ 2022 - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 18/02/2022 ലെ സ.ഉ.(സാധാ) 81/2022-സഹ നമ്പർ സർക്കാർ ഉത്തരവ്.

*******

സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് 2022 ഏപ്രിൽ 18 മുതൽ 25 വരെ 8 ദിവസങ്ങളിലായി വളരെ മികവാർന്ന രീതിയിൽ സഹകരണ എക്സ്പോ സംഘടിപ്പിക്കുകയാണ്.

സഹകരണ പ്രസ്ഥാനത്തിന്റെ ശക്തി സമൂഹത്തിന് ബോധ്യപ്പെടുത്തുക, സംസ്ഥാനത്തെ സഹകരണ മാതൃക ആഗോള ദേശീയതലത്തിൽ പരിചയപ്പെടുത്തുക, കേരളത്തിലെ സഹകരണ മേഖലയിലെ നേട്ടങ്ങൾ പ്രചരിപ്പിക്കുക, സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുക, അവയ്ക്ക് വിപണി ഉറപ്പുവരുത്തുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേക്ക് അവരെ കൊണ്ടെത്തിക്കുക, കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റ് കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുക, ദേശീയതലത്തിലുള്ള സഹകാരികളുടെ ആശയസംവാദം ഉണ്ടാക്കുക, സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതികവിദ്യയും പരിചയപ്പെടുത്തുക എന്നിവയാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുന്നത്.

എക്സ്പോയിൽ സഹകരണ മേഖലയിലെ എല്ലാ ഉല്പാദക സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും പുറമെ അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ

പ്രവർത്തനങ്ങൾ എന്നിവയും ജനങ്ങളിൽ എത്തിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്.

കേരളത്തിലെ സഹകരണ അപെക്സ് സ്ഥാപനങ്ങൾ, ഉത്പാദക സഹകരണ സംഘങ്ങൾ, സഹകരണ ബോർഡുകൾ, പ്രമുഖ ഹോസ്പിറ്റൽ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ദേശീയതലത്തിൽ പ്രാധാന്യമുള്ള സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ 200-ൽപ്പരം ശീതികരിച്ച സ്റ്റാളുകൾ എക്സ്പോ പവലിയനിൽ സജ്ജമാക്കുന്നുണ്ട്.

എക്സ്പോയോടനുബന്ധിച്ച് സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെ കുറിച്ച് 19.04.2022 മുതൽ സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിക്കുന്നതാണ്. എക്സ്പോയുടെ വിജയത്തിനായി ചുവടെ പറയും പ്രകാരം ഓരോ ദിവസവും രണ്ട് ജില്ലകൾക്ക് വീതം പൂർണ്ണ പങ്കാളിത്ത ചുമതല നൽകുകയാണ്. ജില്ലകൾ മത്സര അടിസ്ഥാനത്തിൽ ടി ചുമതല ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടതും പരമാവധി പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്.

| ജില്ലകൾ | | തീയതി |
|---|---|---|
| തിരുവനന്തപുരം | വയനാട് | 19.04.2022 |
| കൊല്ലം | തൃശ്ശൂർ | 20.04.2022 |
| കോട്ടയം, | കാസറഗോഡ് | 21.04.2022 |
| പത്തനംതിട്ട | പാലക്കാട് | 22.04.2022 |
| ആലപ്പുഴ | കോഴിക്കോട് | 23.04.2022 |
| കണ്ണൂർ | ഇടുക്കി | 24.04.2022 |
| എറണാകുളം | മലപ്പുറം | 25.04.2022 |

എല്ലാ ദിവസങ്ങളിലും ആതിഥേയ ജില്ലയായ എറണാകുളം ജില്ലയുടെ പങ്കാളിത്തം ഉണ്ടാകേണ്ടതും എക്സ്പോയുടെ ഉദ്ഘാടന ദിവസമായ 18.04.2022-ന് എറണാകുളം ജില്ലയിൽ നിന്നുള്ള സഹകാരികളുടേയും സംഘം അംഗങ്ങളുടെയും സഹകരണ സംഘം ജീവനക്കാരുടേയും പരമാവധി പങ്കാളിത്തം എക്സ്പോയിൽ ഉണ്ടാകുന്നതിന് ആവശ്യമായ നടപടിൾ എറണാകുളം ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) സ്വീകരിക്കേണ്ടതുമാണ്.

സെമിനാറുകളിൽ ജില്ലകളിൽ നിന്നുള്ള സഹകാരികളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സെമിനാറിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അതത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ഉറപ്പാക്കേണ്ടതുമാണ്.

സഹകരണ എക്സ്പോയിൽ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ/ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ സജ്ജമാക്കുന്നതിനും ഭരണസമിതി അംഗങ്ങളും ജീവനക്കാരും സഹകരണ എക്സ്പോ സന്ദർശിക്കുന്നതിനും നിയന്ത്രിതമായ ചെലവുകൾ ക്രമപ്രകാരം സഹകരണ സംഘം/ബാങ്ക്/സ്ഥാപന പൊതു ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

സഹകരണ എക്സ്പോയുടെ വിജയത്തിനായി സംസ്ഥാനത്തെ എല്ലാ സഹകരണ സംഘം ഭരണ സമിതി അംഗങ്ങളും ജീവനക്കാരും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരും എക്സ്പോ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചരണം നടത്തേണ്ടതുമാണ്.

(ഒപ്പ്)
ഡോ. അദീല അബ്ദുള്ള ഐഎഎസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
5. എല്ലാ അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾക്കും.
6. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, എല്ലാഅർബൻ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എഡിറ്റർ, സഹകരണ വീഥി.
8. വെബ് സൈറ്റ്.
9. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എം.പി)